| 24-07-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - ജ്ഞാന രത്നങ്ങളുടെ ഇടപാട് നടത്തി നിങ്ങൾക്ക് ജ്ഞാനത്തിലൂടെ മറ്റുളളവരുടെ പാലന ചെയ്യണം. പരസ്പരം വളരെ വളരെ സ്നേഹത്തോടെ കഴിയിയണം.**

**ചോദ്യം:-** അസുഖം അഥവാ കർമ്മഭോഗ് ഉണ്ടായിട്ടും ഏത് ആധാരത്തിലാണ് അപാര സന്തോഷത്തിലിരിക്കാൻ സാധിക്കുക?

**ഉത്തരം:-** വിചാരസാഗരമഥനം ചെയ്യുന്ന സ്വഭാവത്തെ ഉണ്ടാക്കൂ. ഏതെങ്കിലും കർമ്മഭോഗ് അഥവാ അസുഖം വരുന്നു എങ്കിൽ, സ്വയം സ്വയത്തോട് സംസാരിക്കൂ - ഇപ്പോൾ നമ്മൾ 84 ജന്മത്തിന്റെ പാർട്ട് പൂർത്തിയാക്കി, ഇത് പഴയ ചെരുപ്പാണ്. ഈ പഴയ കർമ്മ കണക്കിനെ ഇല്ലാതാക്കണം. പിന്നീട് നമ്മൾ 21 ജന്മത്തേക്ക് എല്ലാ അസുഖങ്ങളിൽ നിന്നും മുക്തമാകും. ഏതെങ്കിലും അസുഖത്തിൽ നിന്നും മുക്തമാകുന്നു എങ്കിൽ സന്തോഷമല്ലേ.

**ഗീതം:-** മാതാ ഓ മാതാ.........

**ഓം ശാന്തി**. ഇത് മാതാക്കളുടെ മഹിമയാണ്, വന്ദേമാതരം. അല്ലയോ മാതാവേ, നിങ്ങൾ ശിവബാബയുടെ ഭണ്ഡാരത്തിൽ നിന്നും എല്ലാവരുടെയും പാലന ചെയ്യുന്നു. നിങ്ങൾക്ക് ശിവബാബയുടെ ഭണ്ഡാരത്തിൽ നിന്നും ജ്ഞാനരത്നങ്ങളുടെ ഖജനാവ് ലഭിക്കുന്നു അഥവാ ജ്ഞാനാമൃതത്തിന്റെ കലശത്തിലൂടെ നിങ്ങളുടെ പാലനയുണ്ടാവുന്നു. വാസ്തവത്തിൽ ശിവബാബയ്ക്കാണ് മഹിമ, ബാബ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമാണ്. ജഗദംബയാണ് മാതാവ്. തീർച്ചയായും മറ്റു പല മാതാക്കളും ഉണ്ടാവുക തന്നെ ചെയ്യും, അതു കൊണ്ടാണ് മാതാക്കളുടെ മഹിമ. മാതാക്കൾ വളരെ നല്ല രീതിയിൽ പാലന ചെയ്യും. ശിവബാബയുടെ യജ്ഞത്തിൽ ആരെല്ലാമാണോ ഇരിക്കുന്നത്, അവരുടെ പാലന സ്ഥൂലത്തിലും ഉണ്ടാകുന്നുണ്ട്, അവിനാശി ജ്ഞാനരത്നങ്ങളാലും എല്ലാവരുടെയും പാലന ഉണ്ടാകുന്നു. പാലിക്കുന്നവർ കൂടുതലും അമ്മമാരാണ്. വളരെയധികം സഹോദരന്മാരും സഹോദരിമാരെ പാലിക്കുന്നവരുണ്ട്. അല്ലാതെ സഹോദരിമാർ മാത്രമല്ല സഹോദരന്മാരെ പാലിക്കുന്നത്. രണ്ടു കൂട്ടരും ജ്ഞാന രത്നങ്ങളുടെ കൊടുക്കൽ വാങ്ങലിലൂടെ പരസ്പരം പാലന ചെയ്യുന്നു - സഹോദരി സഹോദരന്റെയും, സഹോദരൻ സഹോദരിയുടെയും. കുട്ടികൾക്ക് വളരെ സ്നേഹത്തോടെ വേണം ജീവിക്കാൻ. ഈ ലോകത്തിൽ പരസ്പരം വികാരങ്ങൾ മാത്രമേ നൽകുന്നുള്ളൂ അതുകൊണ്ട് പരസ്പരം എല്ലാവരും ശത്രുക്കളായിത്തീർന്നു. ഇവിടെ അവിനാശി ജ്ഞാനരത്നങ്ങളുടെ ഖജനാവാണ് നൽകുന്നത്. അവർ കല്ലുകൾ എറിയുന്നതു പോലെയാണ്, കല്ലുബുദ്ധിളാണ്. അല്ലാതെ കല്ലെറിയുന്നു എന്നല്ല, മനസ്സിലാക്കാൻ വേണ്ടി പറഞ്ഞതാണ്. നിങ്ങൾ സഹോദരീ- സഹോദരന്മാർ ബ്രഹ്മാകുമാരീ-കുമാരന്മാരാണ്. നിങ്ങളുടെ പേരും പ്രശസ്തമാണ്. ബ്രഹ്മാകുമാരിയുണ്ടെങ്കിൽ കുമാരനുമുണ്ടാവും. പ്രജാപിതാവായ ബ്രാഹ്മാവുണ്ടെങ്കിൽ തീർച്ചയായും ബ്രാഹ്മണരുമുണ്ടാവും. ബോർഡ് വായിച്ച് പരിഭ്രമിക്കേണ്ടതില്ല. പ്രജാപിതാവായ ബ്രാഹ്മാവിന്റെ കുട്ടികൾ തീർച്ചയായും ബ്രഹ്മാകുമാരീ കുമാരന്മാരായിരിക്കും. ഇതിനെല്ലാം ബുദ്ധി ഉപയോഗിക്കണം.

ഗീതത്തിൽ മാതാക്കളുടെ മഹിമയാണ്. ജഗദംബാസരസ്വതിയുണ്ട് എങ്കിൽ തീർച്ചയായും കുട്ടികളും ഉണ്ടായിരിക്കുമല്ലോ. ഇത് ഒരു കുടുംബമാണ്. ഇതും മനസ്സിലാക്കേണ്ട കാര്യമാണ്. പ്രജാപിതാ എന്ന് എഴുതിയിട്ടുണ്ട്. ബ്രഹ്മാവിനെ പ്രജാപിതാ ബ്രഹ്മാവ് എന്നാണ് പറയുക. ഇത് സാകാരി സൃഷ്ടിയുടെ പിതാവാണ്. ഇങ്ങനെയൊരു മഹിമയുണ്ട് പ്രജാപിതാബ്രഹ്മാവിലൂടെ ബ്രാഹ്മണ കുലത്തെ രചിച്ചു എന്ന്. ആദിയിലെ സനാതനം ആദ്യമാദ്യം ബ്രാഹ്മണരാണ് ആകുന്നത്. വാസ്തവത്തിൽ ആദി സനാതന ദേവതാധർമ്മം എന്നു പറയുന്നത് തെറ്റാണ്. അത് സത്യ യുഗത്തിലെ ധർമ്മമാണ്. ഈ ആദിസനാതന ബ്രാഹ്മണരുടെ ധർമ്മത്തിന് ലോപം സംഭവിച്ചു. പരമപിതാവായ പരമാത്മാവ് പ്രജാപിതാവായ ബ്രഹ്മാവിലൂടെ ബ്രാഹ്മണ ധർമ്മത്തെ രചിക്കുകയാണ്. അപ്പോൾ ഈ സംഗമയുഗം ദേവതാധർമ്മത്തേക്കാളും ഉയർന്നതാണ്. ആദ്യം ഈ ബ്രാഹ്മണധർമ്മമാണ്, അതുകൊണ്ടാണ് കുടുമ കാണിക്കുന്നത്. ഇതിനെയാണ് സംഗമയുഗീ ആദി സനാതന ബ്രാഹ്മണധർമ്മമെന്ന് പറയുന്നത്. എത്ര നല്ല രഹസ്യമാണ് മനസ്സിലാക്കുന്നത്. ബാബ മനസ്സിലാക്കി തന്നു ആദ്യം ആരെല്ലാമാണോ വരുന്നത് അവർക്ക് ബാബയുടെ പരിചയം നൽകൂ എന്ന്. ഇതാണ് മുഖ്യം. ബ്രാഹ്മണർക്ക് രാജധാനിയില്ല. ഇങ്ങനെ എഴുതാറുണ്ട് സത്യയുഗീ ദൈവീക രാജധാനി നിങ്ങളുടെ ഈശ്വരീയ ജന്മസിദ്ധ അധികാരമാണെന്ന്. ആരിലൂടെ? ഇതും എഴുതേണ്ടതുണ്ട്. ഇങ്ങനെയുള്ള ബോർഡ് ഉണ്ടാക്കി ഓരോരുത്തരും അവരവരുടെ വീട്ടിൽ വെക്കണം. ഗവൺമെന്റ് ഓഫീസർമാരുടെ

ബോർഡ് കണ്ടിട്ടില്ലേ. ചിലർക്ക് ബാഡ്ജും ഉണ്ടാവും. എല്ലാവർക്കും അവരവരുടേതായ അടയാളങ്ങൾ ഉണ്ടാവും. നിങ്ങൾക്കും അതുപോലെയുള്ള അടയാളങ്ങൾ ഉണ്ടായിരിക്കണം. ബാബ നിർദ്ദേശങ്ങൾ നൽകും അതിനെ പ്രയോഗത്തിലേക്ക് കൊണ്ടു വരുക എന്നുള്ളത് കുട്ടികളുടെ കടമയാണ്. തീവ്രഗതിയിലുള്ള സേവനം ചെയ്യണം. ഇത് വളരെ മുഖ്യമായ ഒരു ഉപായമാണ്. ഡോക്ടറുടെയും വക്കീലിന്റെയെല്ലാം തന്നെ വീടുകളിൽ ബോർഡ് വെച്ചിട്ടുള്ളതു കണ്ടിട്ടില്ലേ. നിങ്ങളുടെയും ബോർഡ് വെക്കണം- വരൂ, വന്നു മനസ്സിലാക്കൂ എങ്ങനെയാണ് ശിവബാബയിൽ നിന്നും ബ്രാഹ്മാബാബയിലൂടെ നമുക്ക് സ്വർഗ്ഗത്തിന്റെ ചക്രവർത്തീ പദവി ലഭിക്കുന്നത്. ബാബ നിർദ്ദേശം നൽകുന്നു. ഇത് മനുഷ്യർ കണ്ട് അത്ഭുതപ്പെടണം. അവർ ഇത് കണ്ട് മനസ്സിലാക്കാൻ വേണ്ടി അകത്തേക്ക് വരും. ഫ്ളാറ്റിന്റെ പുറത്തും ബോർഡ് വെക്കാൻ സാധിക്കും. ആർക്ക് എന്ത് തൊഴിലാണെങ്കിലും അതിന്റെ ബോർഡ് വെക്കണം. പരസ്പരം മറ്റുള്ളവരിൽ നിന്നും പഠിക്കണം. പക്ഷേ കുട്ടികളുടെ മേൽ മായയുടെ യുദ്ധം ധാരാളം ഉണ്ടാകുന്നുണ്ട്, നമ്മൾ ബാബയുടെ അടുത്തേക്കാണ് പോകുന്നത് എന്ന നിശ്ചയം ഇല്ല. 84 ജന്മങ്ങളുടെ പാർട്ട് പൂർത്തിയായിക്കഴിഞ്ഞാൽ പിന്നീട് പുതിയ ലോകത്ത്, സ്വർഗ്ഗത്തിൽ വന്ന് സമ്പത്തെടുക്കും. പക്ഷേ ഇത് ഓർമ്മയുണ്ടായിരിക്കുകയില്ല. ബാബ പറയുന്നു കർമ്മം ചെയ്തോളൂ പിന്നെ എത്ര സമയം ലഭിക്കുന്നുവോ ബാബയെ ഓർമ്മിക്കൂ. നിങ്ങൾ ഈ പെരുമ്പറ മുഴക്കി കൊണ്ടിരിക്കൂ, ഇത് എല്ലാവരുടെയും അന്തിമ ജന്മമാണെന്ന്. ഇനി ഒരിക്കലും പുനർജന്മം ഈ മൃത്യുലോകത്ത് എടുക്കേണ്ട. നിങ്ങൾക്ക് അറിയാം ഈ മൃത്യുലോകം ഇപ്പോൾ നശിക്കാൻ പോവുകയാണെന്ന്. ആദ്യം നിർവ്വാണധാമത്തിലേക്ക് പോകണം. ഇതുപോലെ സ്വയത്തോട് സംസാരിക്കണം, ഇതിനെയാണ് വിചാരസാഗര മഥനം എന്ന് പറയുന്നത്. ബാബ പറയുന്നു നിങ്ങൾ കർമ്മയോഗികളാണ്. എന്താ നിങ്ങൾക്ക് ആമയുടെ ബുദ്ധി പോലും ഇല്ലേ! അവരും ശരീര നിർവ്വഹണാർത്ഥം പുല്ല് കഴിച്ച്, പിന്നീട് കർമ്മേന്ദ്രിയങ്ങളെ ഉള്ളിലേക്ക് ഒതുക്കി ശാന്തമായിരിക്കുന്നു. നിങ്ങൾ കുട്ടികൾക്കും ബാബയുടെ ഓർമ്മയിലിരിക്കണം, സ്വദർശന ചക്രം കറക്കണം, സ്വയത്തെ മാസ്റ്റർ ബീജരൂപമാണെന്നു മനസ്സിലാക്കണം. ബീജത്തിൽ മുഴുവൻ വൃക്ഷത്തിന്റെയും രഹസ്യമുണ്ട് – ഇതിന്റെ ഉത്ഭവവും പാലനയും എങ്ങനെയാണ് ഉണ്ടാവുന്നത്, ഡ്രാമയിൽ 84 ജന്മത്തിന്റെ ചക്രം എങ്ങനെയാണ് കറങ്ങുന്നത്? 84 ജന്മത്തെ ചക്രത്തിനുവേണ്ടിയാണ് ഈ ചിത്രം(ചക്രം) ഉണ്ടാക്കിയിരിക്കുന്നത്. മനുഷ്യൻ മനസ്സിലാക്കുന്നു ആത്മാവ് 84 ലക്ഷം യോനികളിൽ പ്രവേശിക്കുന്നു എന്ന്. പക്ഷേ നിങ്ങൾക്ക് ബാബ മനസ്സിലാക്കി തന്നു ആത്മാവ് 84 ജന്മം മാത്രമേ എടുക്കുന്നുള്ളൂ എന്ന്. ആരാണോ ആദിസനാതനദേവതാ ധർമ്മത്തിലുള്ളത് അതായത് ആരാണോ ബ്രാഹ്മണനിൽ നിന്നും ദേവതയായിത്തീരുന്നത് അവർക്കു മാത്രമാണ് 84 ജന്മം. നിങ്ങൾക്ക് 84 ജന്മത്തെക്കുറിച്ച് അറിയാം. ബ്രഹ്മാവിന്റെ രാത്രി, ബ്രഹ്മാവിന്റെ പകൽ എന്നു പറയുന്നു, ഇതിൽ 84 ജന്മം വരുന്നു. ത്രിമൂർത്തിയുടെ ബോർഡ് ഉണ്ടാക്കി അതിൽ എഴുതണം – ഇത് ഈശ്വരീയ ജന്മസിദ്ധ അധികാരമാണ്, നേടണമെങ്കിൽ വന്നു എടുക്കൂ. ഇപ്പോഴില്ലെങ്കിൽ ഒരിക്കലുമില്ല. ഈ അവസാനത്തെ മഹാഭാരതയുദ്ധത്തിനു മുമ്പായി പുരുഷാർത്ഥം ചെയ്യണം.

രാമൻ(ശിവൻ) എന്താണ് നൽകുന്നത്, രാവണൻ എന്താണ് നൽകുന്നത്? – ഇത് നിങ്ങൾക്കറിയാം. അരക്കല്പം രാമരാജ്യവും അരക്കല്പം രാവണരാജ്യവുമാണ്. ഇങ്ങനെയല്ല പരമാത്മാവു തന്നെയാണ് ദു:ഖവും നൽകുന്നതെന്ന്. ദു:ഖം നൽകുന്നത് പഞ്ചവികാരങ്ങളാകുന്ന രാവണനാണ് അത് നിങ്ങളെ വീണ്ടും പതിതമാക്കി മാറ്റുന്നു. കുട്ടികൾക്ക് ഭിന്ന ഭിന്ന പ്രകാരത്തിലുള്ള തിരിച്ചറിവ് ദിവസേന ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട് അപ്പോൾ സന്തോഷത്തിൽ ഇരിക്കേണ്ടേ. നിങ്ങൾക്ക് അറിയാം ശിവബാബ ദിവസേന പഠിപ്പിക്കുകയാണ്. അല്ലാതെ സാകാരത്തെ ഓർമ്മിക്കരുത്. ശിവബാബ നമുക്ക് ബ്രഹ്മാബാബയിലൂടെ സഹജമായ രാജയോഗം പഠിപ്പിക്കുകയാണ്. ശിവബാബ വരുന്നതു തന്നെ പ്രജാപിതാ ബ്രഹ്മാവിലാണ്. മറ്റാരെയും പ്രജാപിതാ ബ്രഹ്മാവെന്നു പറയാൻ സാധിക്കുകയില്ല. ബ്രാഹ്മണരും തീർച്ചയായും ആവശ്യമാണ്. ഇങ്ങനെ പാടാറുണ്ട് സെക്കന്റിൽ മുക്തി-ജീവന്മുക്തിയുടെ സമ്പത്ത് അഥവാ രാജ്യഭാഗ്യം നേടൂ എന്ന്. കുട്ടികൾ പറയുന്നു ഞങ്ങൾ ശിവബാബയുടെ മക്കളാണെന്ന്. ബാബ സ്വർഗ്ഗത്തിന്റെ രചയിതാവാണെങ്കിൽ നമുക്കും സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കും. ബാബ എത്ര അത്ഭുതകരമാണ്! ഒരു സെക്കന്റുകൊണ്ടാണ് ജനകന് ജീവന്മുക്തി ലഭിച്ചത് – ഇതിന്റെയും മഹിമയുണ്ട്. നിങ്ങൾക്ക് അറിയാം ഇപ്പോൾ നമ്മൾ ശിവബാബയുടേതായി മാറിയിരിക്കുകയാണ്. ശിവബാബയെ തീർച്ചയായും ഓർമ്മിക്കണം. എങ്ങനെയാണോ കുട്ടികളെ ദത്തെടുത്താൽ അവർക്കറിയാം ആദ്യം ഞങ്ങൾ ഇന്നാളുടെ കുട്ടിയായിരുന്നു ഇപ്പോൾ ഇന്നയാളുടെയാണ്. അവരിൽ നിന്നും മനസ്സ് മാറ്റി ഇവരിലേക്ക് യോജിപ്പിക്കും. നമ്മളും ഇവിടെ അതാണ് പറയുക ഞങ്ങൾ ശിവബാബയുടെ ദത്തെടുക്കപ്പെട്ട കുട്ടികളാണെന്ന്. പിന്നീട് ലൗകിക അച്ഛനെ ഓർമ്മിക്കുന്നതിലൂടെ എന്താണ് നേട്ടം? ഏറ്റവും പ്രിയപ്പെട്ട അച്ഛൻ നിങ്ങൾക്ക് ഇത്രയ്ക്കും വലിയ സമ്പത്ത് നൽകുന്നു. അച്ഛനും പ്രയത്നിച്ചിട്ടാണല്ലോ കുട്ടികളെ യോഗ്യതയുള്ളതാക്കിത്തീർക്കുന്നത്. ഇങ്ങനെയുള്ള അച്ഛനെയാണ് നിങ്ങൾ ഇടയ്ക്കിടെ മറക്കുന്നത്. ബാക്കി എല്ലാവരും നിങ്ങൾക്ക് ദു:ഖം മാത്രമാണ് നൽകുന്നത്

എന്നിട്ടും അവരെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു എന്നിട്ട് എന്നെ നിങ്ങൾ മറക്കുന്നു. ഗൃഹസ്ഥത്തിലിരുന്നു കൊണ്ടും ബാബയെ ഓർമ്മിക്കൂ. ഇതിൽ പ്രയത്നം ആവശ്യമാണ്. എന്റേതു മാത്രമായി ജീവിക്കൂ. നിരന്തരം എന്നെയും പുതിയ ലോകത്തെയും ഓർമ്മിക്കൂ. ഇത് മുഴുവനും ശ്മശാനമായിത്തീരാനുള്ളതാണ്. നിങ്ങൾ എന്റേതായിത്തീർന്നു അർത്ഥം വിശ്വത്തിന്റെ അധികാരിയായിത്തീർന്നു. നിങ്ങൾക്ക് അറിയാം നമ്മൾ ബാബയുടേതായിത്തീർന്നു എങ്കിൽ ഭാവിയിൽ സ്വർഗ്ഗത്തിന്റെ അധികാരിയായിത്തീരുമെന്ന്. അതിരറ്റ സന്തോഷമുണ്ടായിരിക്കണം.

ഇതും അറിയാം ഇത് പഴയശരീരമാണെന്ന്. കർമ്മഭോഗ് അനുഭവിക്കുക തന്നെ വേണം. മമ്മ-ബാബ സന്തോഷത്തോടെ കർമ്മഭോഗ് അനുഭവിക്കുന്നുണ്ട്. പിന്നീട് ഭാവിയിലെ 21 ജന്മത്തേക്കുള്ള സുഖം വളരെയേറെയാണ്. ഇത് പഴയ ചെരുപ്പാണ്. കർമ്മഭോഗ് അനുഭവിച്ചുകൊണ്ടിരിക്കും. പിന്നീട് 21 ജന്മത്തേക്ക് ഇതിൽ നിന്നും മുക്തമായിത്തീരും. ഏതെങ്കിലും അസുഖത്തിൽ നിന്നും മുക്തമായിത്തീരുന്നു എങ്കിൽ സന്തോഷമല്ലേ. നിങ്ങൾക്ക് അറിയാം ഇപ്പോൾ ജന്മജന്മാന്തരത്തേക്ക് ആപത്തുകളിൽ നിന്നും മുക്തമായിത്തീരും. ഇപ്പോൾ നമ്മൾ ബാബയുടെ അടുത്തേക്ക് പോകും. ഇങ്ങനെയാണ് വിചാര സാഗര മഥനം ചെയ്ത് പോയിന്റുകൾ കണ്ടെത്തുക. ബാബ അഭിപ്രായവും പറഞ്ഞുതരുന്നുണ്ട് ഈ രീതിയിലെല്ലാം സ്വയത്തോട് സംസാരിക്കൂ. നമ്മൾ 84 ജന്മം പൂർത്തിയാക്കി, ഇപ്പോൾ ബാബയുടെ അടുത്തേക്ക് തിരിച്ചു പോകും പിന്നീട് ബാബയിൽ നിന്നും സമ്പത്ത് നേടും. സാക്ഷാത്കാരവും ചെയ്യുന്നുണ്ട്. ഈ സമയത്ത് പ്രത്യക്ഷവും പരോക്ഷവുമുണ്ട്. മമ്മയ്ക്ക് സാക്ഷാത്കാരമൊന്നും തന്നെ ഉണ്ടായിട്ടില്ല. ബാബയ്ക്ക് ലഭിച്ചിട്ടുണ്ട്. വിനാശത്തിന്റെയും സ്ഥാപനയുടെയും സാക്ഷാത്കാരമുണ്ടായി. ബാബയ്ക്ക് ഭാവിയിലെ സാക്ഷാത്കാരം വളരെ കൃത്യമായുണ്ടായി. പക്ഷേ ആദ്യം ഇത് അറിയുമായിരുന്നില്ല ഞാൻ വിഷ്ണുവായിത്തീരുമെന്ന്. പിന്നീടാണ് മനസ്സിലായത് - നമ്മൾ ഈ വികാരി ഗൃഹസ്ഥ ധർമ്മത്തിൽ നിന്നും നിർവ്വികാരി ഗൃഹസ്ഥധർമ്മത്തിലേക്കാണ് പോകുന്നതെന്ന്, നിങ്ങളും ബാബയുടെ പഠിപ്പിലൂടെ ഇതുപോലെയായിത്തീരുന്നു. മത്സരിക്കണം. ബാക്കി ഗീതത്തിൽ മമ്മയുടെ മഹിമയാണ്. നിങ്ങൾക്ക് അറിയാം ആരെയാണ് ജഗദംബ എന്നു പറയുന്നതെന്ന്, വാസ്തവത്തിൽ മാതാപിതാവ് ആരാണ്? മാതാപിതാവെന്നു പറയുന്നതിലൂടെ ജഗദംബയെ ഓർമ്മ വരുകയില്ല. ബാബ നിരാകാരനാണ്. ഇത് നിങ്ങളുടെ ബുദ്ധിയിലുണ്ട്. പിതാവ് അർത്ഥം ഫാദർ എന്നത് ശരിയാണ്, അച്ഛൻ നിരാകാരനാണ്. മാതാവ് ഒരിക്കലും നിരാകാരനായിരിക്കുകയില്ല. അച്ഛൻ നിരാകാരനാണ്, തീർച്ചയായും സമ്പത്ത് നൽകണമെങ്കിൽ ഇങ്ങോട്ട് വരണമല്ലോ, എന്നാലല്ലേ സ്വയത്തിന്റെ പരിചയം നൽകാൻ സാധിക്കൂ. അപ്പോൾ തീർച്ചയായും അതിന് ഒരു മാതാവ് ആവശ്യമാണ്. അപ്പോൾ ഈ ബ്രഹ്മാവ് വലിയ അമ്മയായിത്തീർന്നില്ലേ. മുത്തശ്ശൻ നിരാകാരനാണ്. എത്ര അത്ഭുതകരമായ ജ്ഞാനമാണ്. ബാബ പറയുന്നു എത്ര ഗുഹ്യമായ രഹസ്യമാണ് മനസ്സിലാക്കിത്തരുന്നത്. മാതാപിതാവ് ആരാണെന്നുള്ളതിനെക്കുറിച്ച് ആരുടേയും ബുദ്ധിയിൽ ഇരിക്കുകയില്ല. അവർ കൃഷ്ണനാണെന്നു മനസ്സിലാക്കുന്നു. കേവലം ഈയൊരു കാര്യത്തിലാണ് വ്യത്യാസം. ഇതിനെയാണ് വലിയ തെറ്റെന്ന് പറയുന്നത്. എന്തെങ്കിലും നിമിത്തമായിത്തീരണ്ടേ. ഭാരതം ഇത്രയ്ക്ക് ദു:ഖിയായിത്തീരാൻ എന്ത് തെറ്റാണ് ഉണ്ടായത്? ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി ആരാണ് തെറ്റ് ചെയ്യിപ്പിച്ചതെന്ന്? തെറ്റുണ്ടാകാനുള്ള കാരണമെന്താണെന്ന്? മായാ രാവണൻ തന്നെയാണ് മുഖത്തെ തിരിപ്പിച്ചത്. എങ്ങനെയാണോ ബാബ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനും അതേപോലെ മായയും ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമായ ദു:ഖത്തിന്റെ ദാതാവാണ്. ബാബ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമായ സുഖദാതാവ്, മായ ചെയ്യുന്നവനും ചെയ്യിപ്പിക്കുന്നവനുമായ ദു:ഖദാതാവാണ്. മായയാണ് ബാബയിൽ നിന്നും മുഖത്തെ തിരിപ്പിക്കുന്നത്. ഇപ്പോൾ ബാബ സ്വയം പറയുന്നു - അല്ലയോ ആത്മാക്കളേ നിരന്തരം എന്നെ ഓർമ്മിക്കൂ. നിങ്ങൾ എന്റെ കുട്ടികളാണ്, നിങ്ങൾക്ക് എന്നിൽ നിന്നും സമ്പത്ത് നേടണം. കേവലം എന്നെ ഓർമ്മിക്കൂ എന്നാൽ വികർമ്മം നശിക്കും. പരിധിയില്ലാത്ത അച്ഛൻ മതം നൽകുന്നത് - ബ്രഹ്മാവിലൂടെയാണ്. ഗുരു ബ്രഹ്മാ എന്നു പറയുന്നുണ്ടല്ലോ. ഇത് ഭക്തി മാർഗ്ഗത്തിലെ മഹിമയാണ്. ഗുരു ബ്രഹ്മാ എന്ന വാക്ക് വളരെ പ്രശസ്ഥമാണ്. അവർ പിന്നീട് ഈശ്വരനെ സർവ്വവ്യാപിയെന്നു പറയുന്നു. ആദ്യം നമ്മളും ശരിയാണെന്നു മനസ്സിലാക്കിയിരുന്നു. ഇപ്പോൾ മനസ്സിലായി മായയാണ് ഇങ്ങനെ പറയിപ്പിച്ചതെന്ന്. മായ തെറ്റ് ചെയ്യിപ്പിച്ചത് താഴേക്ക് വീഴ്ത്താനാണ്. ബാബ തെറ്റിൽ നിന്നും മുക്തമാക്കുന്നു ഉയർത്തുന്നതിനായി. ബാബ വളരെ നല്ല ഭാഗ്യമാണ് ഉണ്ടാക്കിത്തരുന്നത്. ബാബയെ ഓർമ്മിക്കണം - ഇത് വളരെ സഹജമല്ലേ. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) സ്വയത്തെ മാസ്റ്റർ ബീജരൂപമാണെന്നു മനസ്സിലാക്കി കർമ്മേന്ദ്രിയങ്ങളെ ഉള്ളിലൊതുക്കി ശാന്തമായിരിക്കാനുള്ള അഭ്യാസം ചെയ്യണം.

2) വിചാരസാഗരമഥനം ചെയ്ത് സന്തോഷത്തിലിരിക്കണം, സന്തോഷത്തോടെ പഴയ കർമ്മഭോഗിനെ ഇല്ലാതാക്കണം. സ്വയം സ്വയത്തോട് സംസാരിക്കണം നമ്മൾ 84 ജന്മം പൂർത്തിയാക്കി, ഇപ്പോൾ ബാബയുടെ അടുത്തേക്ക് പോവുകയാണ്.

## വരദാനം:- ആദരവ് യാചിക്കുന്നതിന് പകരം ഉയർന്ന സ്ഥിതിയിൽ കഴിയുന്ന സർവ്വരുടേയും പൂജനീയരായി ഭവിക്കൂ

പല കുട്ടികളും ചിന്തിക്കാറുണ്ട് ഞാൻ മുന്നേറിക്കൊണ്ടിരിക്കുന്നുണ്ട് എന്നാൽ മറ്റുള്ളവർ എനിക്ക് മുന്നേറുന്നതിനുള്ള ആദരവ് നൽകുന്നില്ല. എന്നാൽ ആദരവ്  ചോദിക്കുന്നതിന് പകരം തനിക്കുള്ള ആദരവ് സ്വയം തന്നെ നൽകൂ എങ്കിൽ മറ്റുള്ളവർ സ്വതവേ ആദരവ് നൽകും. തന്റെ ആദരവ് വയ്ക്കുക അർത്ഥം സ്വയത്തെ സദാ മഹാൻ ശ്രേഷ്ഠ ആത്മാവാണെന്ന അനുഭവം ചെയ്യുക. ഏതുപോലെയാണോ മൂർത്തി എപ്പോഴാണോ സ്വസ്ഥാനത്താണെങ്കിൽ പൂജനീയമായിട്ടുള്ളത്. അതുപോലെ താങ്കളും സദാ തന്റെ ഉയർന്ന സ്ഥിതിയിൽ സ്ഥിതി ചെയ്യുകയാണെങ്കിൽ പൂജനീയരായി തീരും. എല്ലാവരും സ്വയം തന്നെ ആദരവ് നൽകും.

## സ്ലോഗൻ:- മായയയെ തിരസ്ക്കരിക്കുന്നവർ തന്നെയാണ് സർവ്വരുടെയും സത്ക്കാരിയാകുന്നത്.